ഉത്തരം

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ 2002-2003 വർഷത്തിൽ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. 2003-2004 വർഷത്തിൽ പി. എസ്. സി. ലിസ്റ്റിൽ നിന്നും 12 പ്യൂൺമാരെയും ആശ്രിത നിയമന വ്യവസ്ഥയിൽ ഒരാളെയും നിയമിച്ചിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞ പ്രകാരം പ്യൂൺ തസ്തികയിൽ മാത്രമാണ് 13 നിയമനം നടന്നിട്ടുള്ളത്. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

1. കെ. സി. ലിജുമോൻ
2. എം. എസ്. സന്തോഷ്കുമാർ
3. സി. എ. ഷാനവാസ്
4. യു. കെ. നാരായണൻ
5. എൻ. കെ. ജിത്ത്
6. കെ. ആർ. രാധാകൃഷ്ണൻ
7. പി. ആർ. രഘുകുമാർ
8. ബി. ഒ. ചുമ്മാർ
9. എം. എസ്. ഷെരീഫ്
10. പി. ഡി. ജയചന്ദ്രൻ
11. എ. എൻ. ആനന്ദൻ
12. ജുഗുന, വി. എസ്.
13. പി. പി. ഷിനോജ്

(ആശ്രിത നിയമനം)

വിഴിഞ്ഞം ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ വികസന പദ്ധതിയും അഴീക്കൽ തുറമുഖ വികസന പദ്ധതിയും

162 [3169] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ വികസന പദ്ധതിയുടെയും അഴീക്കൽ തുറമുഖ വികസന പദ്ധതിയുടെയും പ്രാരംഭ ചർച്ചകൾ നടത്തുന്നതിന് വിദേശ രാജ്യങ്ങളിൽ സന്ദർശിച്ചിരുന്നോ;

(ബി) എങ്കിൽ നിക്ഷേപം നടത്താൻ തയ്യാറായ ഏതെല്ലാം രാജ്യങ്ങളിലെ ഏതെല്ലാം കമ്പനി പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം കമ്പനികളാണ് നിക്ഷേപത്തിന് തയ്യാറായിട്ടുള്ളതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയിൽ താൽപ്പര്യം പ്രകടിപ്പിച്ച വിദേശ കമ്പനികളുമായി പ്രാരംഭ ചർച്ച നടത്തുന്നതിനും അവരുടെ സ്ഥാപനങ്ങൾ നേരിൽ കാണുന്നതിനുമായി മാൾട്ട, ബ്രിട്ടൺ, ജർമനി, നെതർലാന്റ്സ്, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങൾ സന്ദർശിച്ചു. ഈ പദ്ധതിയിൽ നേരത്തെതന്നെ താൽപ്പര്യം പ്രകടിപ്പിച്ച ദുബൈ പോർട്സും അഴീക്കൽ തുറമുഖ വികസനത്തിൽ താൽപ്പര്യം കാട്ടിയ ഷാർജയിലെ യൂണിവേഴ്സൽ ലൂബ്രിക്കൻസ് എന്ന സ്ഥാപനവും കഴിഞ്ഞ വർഷം സന്ദർശിക്കുകയുണ്ടായി.

(ബി ആന്റ് സി) നിക്ഷേപം നടത്താൻ താൽപ്പര്യം പ്രകടിപ്പിച്ച കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനു വേണ്ടി ഷാർജയിൽ വച്ച് യൂണിവേഴ്സൽ ലൂബ്രിക്കൻസ് എന്ന കമ്പനിയുമായി ചർച്ച നടത്തിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ വികസനത്തിനുവേണ്ടി ഇൻഡ്യ, മാൾട്ടാ, ബ്രിട്ടൺ, സൗത്ത് ആഫ്രിക്ക, നെതർലാന്റ്സ് ദുബായ് എന്നീ രാജ്യങ്ങളിലെ 11 കമ്പനികൾ താല്പര്യം പ്രകടിപ്പിച്ചു. ഇവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു നിക്ഷേപസമ്മേളനം നടത്തുകയും താഴെ പറയുന്ന 7 കമ്പനികൾ ദർഘാസുകൾ സമർപ്പിക്കുവാൻ തുറമുഖ വകുപ്പിൽനിന്നും ഡോക്കുമെന്റുകൾ വാങ്ങുകയും ചെയ്തു.

1. പോർട്ട് കോൺ ഇന്റർനാഷണൽ കൺസോർഷ്യം, സൗത്ത് ആഫ്രിക്ക.
2. ബെക്കറ്റ് റാങ്കെൻ പാർട്ട്നർഷിപ്പ്, ലണ്ടൻ.
3. ഹിലി കമ്പനി, മാൾട്ട/ഐ.എൽ. ആന്റ് എഫ്. എസ്., മുംബൈ
4. എൽ. ആന്റ് റ്റി. (ഇ.സി.ഡി.) ഡിവിഷൻ, ചെന്നൈ
5. ഗാമൺ ഇൻഡ്യ, മുംബൈ
6. ആഫ് കോൺസ്, മുംബൈ
7. അഡാനി പോർട്ട്, അഹമ്മദാബാദ് ഇവരുമായി പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു.

അഴീക്കോട് പോർട്ട് റോഡിൽ ചുങ്കം ചുമത്തിയത് പിൻവലിക്കാൻ നടപടി

183 [3170] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് പോർട്ട് റോഡിൽ അധികൃതർ ചുങ്കം ഏർപ്പെടുത്തിയിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശപ്രകാരമാണോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഇത്തരം നിർദ്ദേശം നൽകാനിടയായ സാഹചര്യം വെളിപ്പെടുത്തുമോ;